2A6

**File No.HOME-K1/197/2019-HOME**

EA6

"ഭരണഭാഷ- മാതൃഭാഷ"

71069

19 AUG 2019

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് – പോലീസ് ജീവനക്കാര്യം – ഡോ. ബിനു എം ചാന്ദ്നി, സിവിൽ സർജൻ, സാമൂഹികാരോഗ്യ കേന്ദ്രം, അഗളി, പാലക്കാട് - പാലക്കാട്, കെ.എ.പി രണ്ടാം ബറ്റാലിയൻ പോലീസ് ആശുപത്രിയിൽ അന്യത്രസേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര(കെ) വകുപ്പ്

സ.ഉ.(സാധാ) നം.2139/2019/ആഭ്യന്തരം തീയതി,തിരുവനന്തപുരം, 09/08/2019

---

പരാമർശം:- 1. 10.05.2013 ലെ 42/2013/ധന നമ്പർ സർക്കുലർ.

2. 28.11.2013 ലെ സ.ഉ(പി)നം. 580/2013/ധന.

3 ഡോ. ബിനു എം ചാന്ദ്നിയുടെ 01.06.2019 ലെ അപേക്ഷ.

4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 07.06.2019 ലെ ഇഎ6-30921/19/ആവധ നമ്പർ കത്ത്.

5. സംസ്ഥാന പോലീസ് മേധാവിയുടെ 25.06.2019 ലെ എ5-181723/2018/പി.എച്ച്.ക്യൂ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സിവിൽ സർജൻ ആയ ഡോ. ബിനു എം ചാന്ദ്നിക്ക് പാലക്കാട് കെ.എ.പി രണ്ടാം ബറ്റാലിയൻ പോലീസ് ആശുപത്രിയിൽ അന്യത്രസേവനം അനുവദിക്കണമെന്ന പരാമർശം (3) പ്രകാരമുള്ള അപേക്ഷ പരാമർശം (5) പ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയുണ്ടായി.

2. ടി അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ നാലാം പരാമർശിത കത്തിലേയും സംസ്ഥാന പോലീസ് മേധാവിയുടെ അഞ്ചാം പരാമർശിത കത്തിലേയും ശുപാർശ പരിഗണിച്ച് പരാമർശം (1) ലെയും (2) ലെയും ഉത്തരവുകളിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഡോ. ബിനു എം ചാന്ദ്നിക്ക് പാലക്കാട് കെ.എ.പി രണ്ടാം ബറ്റാലിയൻ പോലീസ് ആശുപത്രിയിൽ ഒരു വർഷത്തേയ്ക്ക് അന്യത്രസേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ടി അന്യത്രസേവന കാലാവധിക്കുള്ളിൽ ടിയാൾക്ക് പ്രൊമോഷൻ ലഭിക്കുകയാണെങ്കിലോ കാലാവധിക്ക് ശേഷം അന്യത്രസേവനം ദീർഘിപ്പിച്ച് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലായെങ്കിലോ ഡോ. ബിനു എം ചാന്ദ്നി അന്യത്രസേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ പാർട്ട് 1 ലെ ചട്ടം 140(സി) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, ടി കാലയളവ് പെൻഷൻ, വാർഷികവേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കുന്നതുമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റജീന ബീഗം

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

1. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം.
3. ജില്ലാ പോലീസ് മേധാവി, പാലക്കാട്.
4. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
   (07.06.2019 ലെ ഇഎ6-30921/19/ആവഡ പ്രകാരം)
5. ഡോ. ബിനു എം ചാന്ദ്നി, സിവിൽ സർജൻ, സാമൂഹികാരോഗ്യ കേന്ദ്രം, അഗളി, പാലക്കാട്.
6. സ്റ്റോക്ക് ഫയൽ/ഒ.സി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by Rejani M
Date: 2019.08.13 11:14:48 IST
Reason: Approved
സെക്ഷൻ ഓഫീസർ

**<u>മേലെഴുത്ത് നം: ഇ.എ6- 30921/19/ആ.വ.ഡ തീയതി 20.08.2019</u>**
അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**